പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

208. [210] ശ്രീ. ടി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വല്ല വ്യവസായ സ്ഥാപനങ്ങളും കഴിഞ്ഞ 6 മാസക്കാലത്തിനകത്ത് പൂട്ടിക്കിടക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ; കാരണമെന്ത് ;

(സി) ജില്ലാടിസ്ഥാനത്തിൽ ഉള്ള കണക്കെന്ത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 237.

ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ബുദ്ധിമുട്ട് അസംസ്കൃത സാധനങ്ങളുടെ ദൌർലഭ്യം, സാമ്പത്തിക പരാധീനത, ശരിയായ മാനേജുമെന്റ് ഇല്ലായ്മ മുതലായവ.

(സി) തിരുവനന്തപുരം—20

കൊല്ലം	40
ആലപ്പുഴ	85
കോട്ടയം	19
എറണാകുളം	7
തൃശ്ശൂർ	7
പാലക്കാട്	17
കോഴിക്കോട്	16
കണ്ണൂർ	22
മലപ്പുറം	24
ആകെ	237

ഗവൺമെന്റ് ഏറ്റെടുത്ത ഫാക്ടറികൾ

209. [213] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1975-76-ൽ കേരളത്തിൽ പൂട്ടിയിടപ്പെട്ട എത്ര ഫാക്ടറികളുടെ മാനേജുമെന്റ് ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട് ;

(ബി) ഇതിൽ കണ്ണൂർ ജില്ലയിൽപ്പെട്ട പഴയങ്ങാടി, നീലേശ്വരം കണ്ണപുരം എന്നി പൈനാക്കേ ഫാക്ടറികൾ ഉൾപ്പെടുമോ ;

(സി) പ്രസ്തുത ഫാക്ടറികളിലെ തൊഴിലാളികളുടെ ആവശ്യങ്ങൾ സംബന്ധിച്ച് വല്ല നിവേദനവും ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ ;

(ഡി) നിവേദനത്തിൽ പ്രസ്താവിച്ച ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു ;

(ഇ) ഇതു സംബന്ധിച്ച് ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly